# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

03.03.2020-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.588

## ഞാറക്കൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

| | ചോദ്യം<br><br>ശ്രീ. എസ്.ശർമ്മ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ മാലിപ്പുറത്ത് ഞാറക്കൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 110 കെ.വി ചെറായി സബ്സ്റ്റേഷനിൽ നിന്നും ലൈൻ വലിച്ച് നിലവിലുള്ള 66 കെ.വി ഞാറയ്ക്കൽ സബ്സ്റ്റേഷനെ 110 കെ.വി ആയി ഉയർത്തുന്നതിനുള്ള ഭരണാനുമതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണോദ്ഘാടനം 09.03.2020 ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ അതിന്റെ ഗുണഫലം ഏതെല്ലാം പ്രദേശത്ത് ലഭിക്കുമെന്നും അവ എന്തെല്ലാമെന്നും വിശദമാക്കാമോ? | (സി) | വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന ഞാറയ്ക്കൽ, ഇളങ്കുന്നപ്പുഴ, പുതുവൈപ്പ്, വൈപ്പിൻ ദ്വീപ് തുടങ്ങിയ പ്രദേശങ്ങളിൽ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്. വർദ്ധിച്ചു വരുന്ന വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനും ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യത വൈപ്പിൻ പ്രദേശത്ത് ഉറപ്പ് വരുത്തുന്നതിനും ഈ പദ്ധതി ഉപകരിക്കും. |

സെക്ഷൻ ഓഫീസർ